**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 497** **09-07-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല റോപ് വേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം. എം. മണി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ശബരിമല സന്ദർശിക്കാനെത്തുന്ന ഭക്തർക്ക് അധിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2024-25 വർഷത്തെ ശബരിമല തീർത്ഥാടന കാലത്ത് ഭക്തരുടെ സൗകര്യാർത്ഥം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.<br><br>ശബരിമല തീർത്ഥാടനത്തിനായുള്ള മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആദ്യ ഘട്ട അവലോകന യോഗം 17/07/2024-ന് ചേരുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | ശബരിമല റോപ് വേ പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കാമോ? | (ബി) | ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശബരിമല റോപ് വേ പദ്ധതിക്കായി ജോയിന്റ് സർവേ പൂർത്തീകരിക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ടും രേഖാ ചിത്രവും പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ഫോറസ്റ്റ് & വൈൽഡ് ലൈഫ് ക്ലിയറൻസിന് അപേക്ഷിക്കുന്നതിനുള്ള അനുമതി ഹൈക്കോടതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ഫോറസ്റ്റ് & വൈൽഡ് ലൈഫ് ക്ലിയറൻസിനായി പരിവേഷ് പോർട്ടലിൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട് വനം വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ നൽകുന്നതിനുള്ള നടപടികൾ യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡും വന ഭൂമി വിട്ട് കിട്ടുന്നതിന് പകരമായി പരിഹാര വനവത്കരണത്തിന് ഭൂമി കണ്ടെത്തി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പിലും സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ